11. ടൈപ്പിസ്റ്റ്	1
12. പ്യൂൺ	7
13. ഡ്രൈവർ	4
14. പാർട്ട് ടൈം സ്വീപ്പർ	1
15. ജൂനിയർ സൂപ്രണ്ട്	1
16. പോലീസ് കോൺസ്റ്റബിൾ	4
17. പ്രോജക്ട് ഓഫീസർ	1
18. പബ്ലിക് റിലേഷൻസ് ഓഫീസർ	1
19. റിസർച്ച് ഓഫീസർ	1
20. ലോവർഡിവിഷൻ ക്ലാർക്ക്	5
21. സെക്യൂരിറ്റി സ്റ്റാഫ്	1
22. സ്വീപ്പർ	1
23. സാനിട്ടറി വർക്കർ	1

വികലാംഗരുടെ ഒഴിവുകൾ

166 (1432) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1995-ന് ശേഷം 2000 വരെ സംസ്ഥാന സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി വികലാംഗരുടെ എത്ര ഒഴിവുകൾ ഉണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

1995-ന് ശേഷം 2000 വരെ സംസ്ഥാന സർക്കാർ സർവ്വീസിൽ വികലാംഗർക്കായി 1677 ഒഴിവുകൾ സംവരണം ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

പി.എസ്. ജോണിന് അനുവദിച്ച വികലാംഗ ദുരിതാശ്വാസ നിധി

167 (1433) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര, തഴക്കര വില്ലേജിൽ പൈനവിള പുത്തൻവീട്ടിൽ പി.എസ്. ജോണിന് അനുവദിച്ച വികലാംഗ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായം അവകാശിയായ മകൾക്ക് കൈപ്പറ്റാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കാലതാമസമില്ലാതെ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സിന്റെ പ്രവർത്തനം

168 (1434) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിലെ കിനാലു എസ്റ്റേറ്റ് വക ഭൂമിയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന്റെ പ്രവർത്തി ഏതുവരെയായി ?

ഉത്തരം

(എ) കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് സി.ഐ.എഫ്.ആർ. അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി പ്രകാരം 1995 ആഗസ്റ്റ് മാസം മുതൽ പ്രവർത്തിച്ചുവരികയാണ്. വിവിധ സർക്കാർ വകുപ്പുകൾക്ക് കമ്പി വിറ്റയിനത്തിൽ 400 ലക്ഷത്തിലേറെ രൂപ കമ്പനിക്ക് ലഭിക്കാനുണ്ട്. കമ്പനിക്കകത്ത് സ്വന്തമായ ഒരു റോളിംഗ് മിൽ ഇല്ലാത്തതു കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കമ്പനിയോടു ചേർന്ന് അടഞ്ഞുകിടക്കുന്ന വെസ്റ്റ് ഇന്ത്യാ സ്റ്റീൽ കമ്പനി ലിമിറ്റഡ് ഏറ്റെടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് ചീഫ് വിപ്പിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിനുള്ള ശുപാർശ നൽകുന്നതുമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കമ്പനിക്കുവേണ്ടി സർക്കാർ നൽകുന്ന ഗ്യാരണ്ടി പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് 5000 ടൺ സ്ക്രാപ് ഒരുമിച്ച് ഇറക്കുമതി ചെയ്തിട്ടുള്ളതിനാൽ 3000 ടൺ കമ്പനിയിൽ കിട്ടികഴിഞ്ഞു. ബാക്കി 2000 ടൺ സ്ക്രാപ് കൂടി ലഭിക്കേണ്ടതുണ്ട്. ഈ 5000 ടൺ സ്ക്രാപ് ഒരു ഫർണസ് പ്രവർത്തിപ്പിച്ച് ഏപ്രിൽമാസംവരെ പ്രവർത്തനത്തിന് മതിയാകുന്നതാണ്.

(ബി) കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 308 ഏക്കർ സ്ഥലം ഏറ്റെടുത്തതിൽ 100 ഏക്കർ സ്ഥലത്ത് ഒന്നാംഘട്ട വികസനം പൂർത്തിയായിട്ടുണ്ട്. 3888 ച.മീ. വിസ്തീർണമുള്ള ബഹുനില വ്യവസായ മന്ദിരത്തിന്റേയും 1964 ച. മീ വിസ്തീർണ്ണമുള്ള ഭരണ കാര്യാലയത്തിന്റേയും നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ജലസ്രോതസ്സിനായുള്ള ജലസംഭരണിയുടേയും ജലശുദ്ധീകരണ പ്ലാന്റിന്റേയും നിർമ്മാണം പുരോഗതിയിലാണ്. ഡ്രെയിനേജ് സൗകര്യങ്ങൾ, ജലവിതരണലൈനുകൾ ഓവർഹെഡ്ടാങ്ക് എന്നിവയുടെ നിർമ്മാണവും പൂർത്തിയായി കഴിഞ്ഞു. 630 കെ.വി.എ. വൈദ്യുതി സബ് സ്റ്റേഷനുവേണ്ടിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചുകഴിഞ്ഞു. 110 കെ.വി., 11 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനും അതിനോടുചേർന്ന മറ്റ് വൈദ്യുതീകരണ സംവിധാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly